STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.298/PR/SPMC/PHQ/2021 Date :14.07.2021

## സ്ത്രീധന അതിക്രമങ്ങൾക്ക് എതിരെയുള്ള പോലീസിന്റെ പ്രചാരണ പരിപാടിക്ക് തുടക്കമായി

സ്ത്രീധന അതിക്രമങ്ങൾക്ക് എതിരെയുള്ള പോലീസിന്റെ പ്രചാരണ പരിപാടികൾക്ക് തുടക്കമായി. പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് പ്രചാരണ പരിപാടിയുടെ പോസ്റ്റർ പ്രകാശനം ചെയ്തു. ഗാർഹിക പീഡനം ഉൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള ഏത് തരം അതിക്രമവും സംബന്ധിച്ച് പരാതി ലഭിച്ചാൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയതായി അദ്ദേഹം പറഞ്ഞു. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു.

സെ നോ ടു ഡൗറി എന്ന ടാഗ് ലൈനിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തുന്ന പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എമ്പാടും മുദ്രാവാക്യരചനാ മത്സരങ്ങളും വാഹനറാലിയും സംഘടിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുള്ള സംഘടനകളുമായി ചേർന്നായിരിക്കും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

**ഫോട്ടോക്യാപ്ഷൻ** : സ്ത്രീധന അതിക്രമങ്ങൾക്കെതിരെ പോലീസ് ആരംഭിച്ച പ്രചാരണ പരിപാടിയുടെ ഉദ്ഘാടനം പോസ്റ്റർ പ്രകാശനം ചെയ്ത് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് നിർവ്വഹിക്കുന്നു.

*************************